www.malankaralibrary.com

# ജപമാല: രക്ഷാകര രഹസ്യധ്യാനം

ഡോ. കെ. എം. ഫ്രാൻസിസ്

കത്തോലിക്കാ സഭയുടെ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയെ പരിഹസിക്കുന്നവർ അനേകമാണ്. മാതാവിനെ വണങ്ങുന്ന കത്തോലിക്കാ പാരമ്പര്യം വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ തെറ്റാണെന്ന് പെന്തക്കോസ്തു വിഭാഗങ്ങൾ ആരോപിക്കുന്നു. എന്നാൽ വി. ഗ്രന്ഥവും, ദൈവശാസ്ത്രവും കന്യകാമറിയത്തെ ബഹുമാനിക്കുന്നത് ശരിയാണെന്ന് വെളിപ്പെടുത്തുന്നു.

## മരിയൻ ഭക്തിയുടെ വി. ഗ്രന്ഥ സാക്ഷ്യം

വി. മത്തായി അറിയിക്കുന്ന സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു ''അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു ( മത്തായി 2:11). ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ട് ശിശുവിനെ ആരാധിച്ചു എന്ന വചന ഭാഗമാണ് കത്തോലിക്കാ സഭയുടെ മരിയൻ ഭക്തിയുടെ അടിത്തറ. വി. ജോസഫിനോട് സ്വപ്നത്തിൽ ദൈവദൂതൻ വെളിപ്പെടുത്തുന്ന വചന ഭാഗം ശ്രദ്ധിക്കാം. ''എഴുന്നേറ്റ് അമ്മയേയും ശിശുവിനേയും കൂട്ടി ഈജിപ്തിലേക്ക് പാലായനം ചെയ്യുക'' (മത്തായി 2:13). അവൻ ഉണർന്ന് ശിശുവിനേയും അമ്മയേയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്തു'' (മത്താ. 2:15) വീണ്ടും ദൂതൻ പ്രത്യക്ഷപ്പെട്ട് പറഞ്ഞു. ''എഴുന്നേറ്റ് ശിശുവിനേയും അമ്മയേയും കൂട്ടി'' (മത്തായി 2:21). വി. ലൂക്കായും യേശുവിനെ അവന്റെ മാതാപിതാക്കളോടൊപ്പം കാണുന്നതിനെ വിശദീകരിക്കുന്നു. ''അവർ അതിവേഗം പോയി മറിയത്തേയും ജോസഫിനേയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനേയും കണ്ടു. (ലൂക്ക 2:16).

അതുകൊണ്ട് ''ശിശുവിനെ മറിയത്തോടൊപ്പം കണ്ട് ആരാധിച്ചു'' ശിശുവിനെ മാതാപിതാക്കളോടൊ പ്പം കണ്ടു'' എന്നീ പ്രസ്താവനകൾ യേശുവിനെ അമ്മയിൽ നിന്ന് വേർപ്പെടുത്തി കാണരുതെന്ന് വി. ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു.

## ജപമാലയുടെ യുക്തി

അമ്മയോടൊപ്പം ശിശുവിനെ ആരാധിക്കുന്ന പ്രക്രിയയാണ് ജപമാല. ഇക്കാര്യം മനസ്സിലാകാൻ ജപമാലയിലെ പ്രധാനഭാഗം വ്യത്യസ്ഥ വചനഭാഗങ്ങളെ ധ്യാനിക്കുന്നതാണെന്ന് നാം അംഗീകരിക്കണം. ജപമാലയിൽ ധ്യാനിക്കുന്ന വചനഭാഗങ്ങൾ രക്ഷാകര രഹസ്യവുമായി (Salvation Mystery) ബന്ധപ്പെട്ടതാണ്. എന്താണ് രക്ഷാകര ചരിത്രം (Salvation History).

ദൈവം മനുഷ്യനെ മൃഗത്തേക്കാൾ മേന്മ യുള്ളവനായിട്ടാണ് സൃഷ്ടിക്കുന്നത്. ഈ മേന്മ അവന് പ്രയോഗിക്കാൻ കഴിയുന്നത് പരിശുദ്ധാത്മാവിന്റെ സഹവാസം കൊണ്ടാണ്. പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടാൽ മനുഷ്യന്റെ മാനവിക ഗുണങ്ങൾ നഷ്ടപ്പെടുകയും, അവൻ മൃഗത്തേക്കാൾ മോശമാകുകയും ചെയ്യും. മൃഗത്തേക്കാൾ മേന്മ യായി മനുഷ്യനിൽ കാണുന്ന സ്വഭാവങ്ങളാണ് ദൈവീക ജീവൻ. സ്വാതന്ത്ര്യം, സമ്പൂർണ്ണ സ്നേഹം, യുക്തി, സൃഷ്ടികർമ്മം

www.malankaralibrary.com

(തൊഴിൽ, കുടുംബം) നടത്താനുള്ള കഴിവ് മുതലായവയെല്ലാം ദൈവീക സ്വഭാവങ്ങളാണ്. ദൈവം മനുഷ്യനെ ദൈവീക ജീവനിൽ പങ്കാളിയാക്കി എന്ന് സഭ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് മനുഷ്യന്റെ ആത്മാവിൽ വസിക്കുമ്പോഴആണ് ദൈവീക ജീവൻ നമ്മിൽ പൂർണ്ണമായും പ്രകാശിതമാകുക. എന്നാൽ പരിശുദ്ധാത്മാവിന്റെ നഷ്ടം മനുഷ്യനിലെ ദൈവീക സ്വഭാവത്തെ പൂർണ്ണതയിൽ എത്തിക്കാനുള്ള ശക്തി ഇല്ലാതാക്കുന്നു.

മനുഷ്യൻ ആദിപാപം ചെയ്തതു വഴിയായി, അവനിലെ പരിശുദ്ധാത്മാവിന്റെ സഹവാസം നഷ്ടപ്പെടുത്തി. ഇതുമൂലം തൊഴിൽ ചെയ്യുക എന്നത് സന്തോഷപ്രദമല്ലാതായി (ഉല്പത്തി 3:17) കുടുംബജീവിതവും പ്രസവവും വേദനാജനകമായി (ഉല്പത്തി 3:16). പ്രകൃതി ദുരന്തങ്ങൾ ആരംഭിച്ചു. പ്രകൃതി കല്ലും മുള്ളും ഉദ്പാദിപ്പിച്ചു തുടങ്ങി (ഉല്പത്തി 3:18). ഇതിന്റെയെല്ലാം ഉത്തരവാദി മനുഷ്യന്റെ പാപമാണെന്ന് (ഉല്പത്തി 3:17) വി. ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു.

മനുഷ്യന്റെ പാപം ഇല്ലാതാക്കി, അവന് പരിശുദ്ധാത്മാവിനെ നൽകി, പാപം ചെയ്യുന്നതിനു മുൻപുള്ള അവസ്ഥയിലേക്ക് പുനർ ക്രമീകരിക്കുക എന്നതാണ് രക്ഷാകര ദൗത്യം. രക്ഷാകര ദൗത്യം പൂർണ്ണമാക്കാൻ ദൈവം നടപ്പിലാക്കുന്ന ചരിത്ര സംഭവങ്ങളാണ് രക്ഷാകര ചരിത്രം. രക്ഷാകര ചരിത്രത്തിന്റെ പ്രത്യേക ഘട്ടത്തിൽ ദൈവത്തിലെ രണ്ടാമത്തെ വ്യക്തിയായ യേശു മനുഷ്യനായി അവതരിച്ച്, പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് മനുഷ്യന്റെ പാപം മോചിപ്പിച്ച് പരിശുദ്ധാത്മാവിനെ നൽകുന്നു. ഇതിലൂടെ രക്ഷാകര ചരിത്രം പൂർണ്ണമാകുന്നു. യേശുവിന്റെ, പീഢാനുഭവം, മരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ നൽകൽ എന്നിവയാണ് രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദു. രക്ഷാകരചരിത്രത്തിന്റെ സംഗ്രഹം ഓർമ്മിച്ച് ഏറ്റുപറഞ്ഞ്, ത്രിയേകദൈവത്തിന് നന്ദിപറയുന്നതാണ് വി. കുർബ്ബാന. വി. കുർബ്ബാനയിൽ ഒരുവൻ പങ്കുചേരുമ്പോൾ അവന് യേശുവിനെയും, പരിശുദ്ധാത്മാവിനെയും ലഭിക്കുന്നു. സീറോ മലബാർ സഭയിലെ വി. കുർബ്ബാന സ്വീകരണത്തിന് മുൻപുള്ള കാറോസൂസ പ്രാർത്ഥനയിൽ ശുശ്രൂഷി ഇപ്രകാരം പറയുന്നു. ''വി. കുർബ്ബാന സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.''

### ജപമാല രക്ഷാകര ചരിത്ര ധ്യാനം

രക്ഷാകരചരിത്രത്തെ വിശുദ്ധ കുർബ്ബാനയിൽ ഒരു മണിക്കൂർ നേരം മാത്രമാണ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് വി. കുർബ്ബാനയിൽ പങ്കെടുക്കുക മാത്രം ചെയ്തുകൊണ്ട് വി. കുർബ്ബാനയുടെ പൂർണ്ണ അർത്ഥം മനസ്സിലാകുകയില്ല. പൂർണ്ണ അർത്ഥം മനസ്സിലാകാത്തതിനാൽ നാം രക്ഷാകര ചരിത്രത്തെ രക്ഷാകര രഹസ്യം (Salvation Mystery) എന്ന് വിളിക്കുന്നു. നാം വിശുദ്ധ കുർബ്ബാനയെ കുറിച്ച് നിരന്തരം ധ്യാനിക്കുകയും, യോഗ്യതയോടെ വി. കുർബ്ബാന സ്വീകരിക്കുകയും, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷം ജീവിക്കുകയും, സുവിശേഷം പങ്കുവെയ്ക്കുകയും ചെയ്യുമ്പോൾ രക്ഷാകര രഹസ്യം ക്രമേണ ഓരോ വ്യക്തിയുടേയും അറിവായി വളരുന്നു. ഇന്ന് നാം വിശ്വാസത്താൽ ആരാധിക്കുന്നത് അന്തിമദിനത്തിൽ യേശുവിനെ മുഖാമുഖം കാണുന്നതോടെ രഹസ്യം പൂർണ്ണമായും നമുക്ക് മനസ്സിലാക്കാം.

www.malankaralibrary.com

ജപമാലയിൽ നാം രക്ഷാരഹസ്യത്തെ മറിയത്തോടൊപ്പം കണ്ട് ആരാധിക്കുന്നു. തിങ്കളാഴ്ച ദിവസം യേശുവിന്റെ ജനനവും ബാല്യവും ധ്യാനിക്കുന്നു. ചൊവ്വാഴ്ച ദിവസം യേശുവിന്റെ പീഢാനുഭവവും കുരിശുമരണവും മറിയത്തോടൊപ്പം കണ്ട് ആരാധിക്കുന്നു. ബുധനാഴ്ച ദിവസം യേശുവിന്റെ ഉത്ഥാനവും, പരിശുദ്ധാത്മാവിനെ നൽകലും മറിയത്തോടൊപ്പം ധ്യാനിക്കുന്നു. വ്യാഴാഴ്ച ദിവസം യേശുവിന്റെ മാമോദീസായും, പരസ്യജീവിതവും, മലയിലെ പ്രസംഗവും, രൂപാന്തരീകരണവും, പെസഹാ ആചരണവും ധ്യാനിക്കുന്നു. 20 രഹസ്യനാളിൽ 18 രഹസ്യവും വി. ഗ്രന്ഥത്തിലെ വചന ഭാഗങ്ങളുടെ ധ്യാനമാണ്. മാത്രമല്ല ഇവയെല്ലാം രക്ഷാചരിത്രം ക്രമാനുഗതമായി ചരിത്രത്തിൽ സംഭവിച്ചതിന്റെ ഓർമ്മകളാണ്. മറിയം ഇക്കാര്യങ്ങൾക്കെല്ലാം സാക്ഷിയാണ്. അതിനാൽ ജപമാല ചൊല്ലുന്നവൻ രക്ഷാചരിത്രത്തെ ധ്യാനിക്കുക മാത്രമല്ല, വി. കുർബ്ബാനയിലെ വിവിധ ഘട്ടങ്ങളെ ഓർമ്മിച്ച് നന്ദി പറയുക കൂടിയാണ്. മറ്റൊരു വിധത്തിൽ ജപമാല ചൊല്ലുന്നവർ വി. കുർബ്ബാനയുടെ ഉള്ളടക്കത്തെ മറിയത്തോടൊപ്പം ധ്യാനിക്കുകയാണ്.